# UNITED DEMOCRATIC ELECTRICITY EMPLOYEES' FRONT

(Reg. No. 01/01-03)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANATHAPURAM - 695 001
Email -udeefkpdmsr@gmail.com

PRESIDENT
K.C Rajan
9447342737

GENERAL SECRETARY
Sunil Kumar. K.P
9447141044


No. UDEEF/GL/2024/01

തിരുവനന്തപുരം
20.02.2024

സ്വീകർത്താവ്

ബഹു.ഡയറക്ടർ
ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ, പ്ലാനിങ്
KSEB ലിമിറ്റഡ്, വൈദ്യുതി ഭവൻ
തിരുവനന്തപുരം

സർ,

വിഷയം : സംസ്ഥാന വൈദ്യുതി നയം 2019 - കരട് നിർദ്ദേശം - ആദ്യഘട്ടം അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : No.PS1(B)/union/Association/2024/14.2.2024 of Chief Personnel Officer.

വളരെ വേഗത്തിൽ ഒരു മറുപടി ആവശ്യപ്പെട്ട് ലഭിച്ച സൂചന കത്തിന്റെ അനുബന്ധമായ വൈദ്യുതി നയം 2019 ന്റെ കരടിൽ പല കാര്യങ്ങളും വ്യക്തമല്ല, എങ്കിലും ഉത്തരവാദിത്തപ്പെട്ട ഓഫീസ് ആവശ്യപ്പെട്ടതിനാൽ കൃത്യസമയത്ത് തന്നെ ആദ്യഘട്ട മറുപടി നൽകുന്നു. ബാക്കി വിഷാദശാംശങ്ങൾ പുറകെ സമർപ്പിക്കുന്നതാണെന്നും ആദ്യം തന്നെ അറിയിക്കുന്നു.

1.1 പശ്ചാത്തലത്തിൽ പറയുന്ന ഗുണമേന്മയും വില കുറഞ്ഞതുമായ വൈദ്യുതി ജനങ്ങൾക്കെത്തിക്കുക എന്നത് സ്വാഗതാർഹം. പക്ഷെ അടുത്തിടെ KSEBL വിലകുറഞ്ഞ വൈദ്യുതി കരാർ റദ്ദാക്കിയതും, തുടർന്ന് തിരിച്ചുവരുത്തിയതും അപ്പോൾ കമ്പനികൾ സഹകരിക്കാതിരുന്നതും ജനങ്ങളുടെയോ ജീവനക്കാരുടെയോ അപാകത അല്ല. അത് മാനേജ്മെന്റിന്റെ കഴിവില്ലായ്മയും കെടുകാര്യസ്ഥതയുമാണ്. ഇത്തരം സാഹചര്യങ്ങളിൽ മേൽ കരാറുകളിൽ/റദ്ദാക്കലിൽ ഭാഗമാകുന്ന ഉന്നത ഉദ്യോഗസ്ഥരിൽ നിന്നും അത് ഈടാക്കുന്നതിനുള്ള തീരുമാനം പുതിയ നയത്തിൽ ഉണ്ടാകണം.

പശ്ചാത്തലത്തിൽ അടുത്തതായി പറയുന്നത് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കണമെന്നാണ്, അതും സ്വാഗതാർഹം. നിയമനങ്ങൾ സ്ഥിരമായി PSC വഴി നടത്തണം. HR/Contract/Job contractor നിയമനങ്ങൾ പൂർണ്ണമായും പുതിയ നയത്തിൽ ഇല്ലാതാക്കണം. അവിടെ മുൻവിധികളും ബന്ധുനിയമനങ്ങളും നടക്കും. ഈ മേഖല രാജ്യത്തെ എല്ലാവർക്കും അവകാശപ്പെട്ടതാണ്. ജോലിക്കാർക്ക് ശമ്പളം കൊടുത്തതിന്റെ പേരിൽ ഒരു സ്ഥാപനവും ഇതുവരെ നശിച്ചിട്ടില്ല. KSEBL ൽ ശമ്പളവും പെൻഷനും കൂടി ആകെ 15 % മാത്രമേ വരുന്നുള്ളു എന്ന് സൂചന റിപ്പോർട്ടിൽ തന്നെ പറയുന്നു. KSERC അനുവാദം നൽകിയിരിക്കുന്നത് 30321

തസ്തികകൾക്കാണ്. മേൽ കണക്ക് പ്രകാരമുള്ള കാലാകാലങ്ങളിൽ തസ്തികകൾ PSC വഴി നികത്തുമെന്ന് പുതിയ നയത്തിൽ ഉൾപ്പെടുത്തണം. പുതിയ സെക്ഷനുകളിലെ തസ്തികകൾക്ക് കാലാകാലങ്ങളിൽ അനുമതി നൽകുമെന്നും പുതിയ നയത്തിൽ ചേർക്കണം.

**1.2. പുതിയ വൈദ്യുതി നയം** : 1998 ലെ കേരളം സർക്കാരിന്റെ വൈദ്യുതി നയമാണ് പിന്നീട് BJP വൈദ്യുതി നിയമമാക്കി മാറ്റിയത്. 5 ലാഭകേന്ദ്ര കമ്പനികൾ, റെഗുലേറ്ററി കമ്മീഷൻ ഒക്കെ പിന്നീട് വന്ന UDF സർക്കാർ ഇടത് കേരളനയം നടപ്പിലാക്കാതിരുന്നതുകൊണ്ട് KSEBL ഇപ്പോഴും നിലനിൽക്കുന്നു. 2024 ൽ പുതിയ നയം ഉണ്ടാകുമ്പോൾ അത് മറ്റൊരു 1998 നയം ആകരുതെന്ന് ഒരു അഭ്യർത്ഥനയുണ്ട്. ഇവിടെ പല സൊസൈറ്റികളും രൂപീകരിച്ചിട്ടുണ്ടല്ലോ അവർക്ക് ഈ മേഖല വിട്ടുകൊടുക്കാനുള്ള ഒരു തീരുമാനവും പുതിയ നയത്തിൽ ഉണ്ടാകരുത്. അത് നിയമപരമായി തന്നെ എതിർക്കുന്നതാണെന്ന് അറിയിക്കുന്നു.

**1.3 ആഗോള തലത്തിലെ മാറ്റങ്ങൾ** : ആഗോള തലത്തിലെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നത് ജനങ്ങൾക്ക് പ്രയോജനകരവും കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കുന്ന സാഹചര്യവും ഉണ്ടായാൽ നല്ലത്. ഇവിടെ കാര്യങ്ങൾ മറിച്ചാണ്. കാസർഗോഡ് സോളാർ പാർക്ക് 250 mw വേണ്ടായെന്നുവച്ച ഗവണ്മെന്റ് തീരുമാനം അതിന് ഒരു ഉദാഹരണം മാത്രം.

**1.4.1 ദേശീയ സ്ഥിതി**: പുതിയ കേന്ദ്രനയമനുസരിച്ച് ജലവൈദ്യുതി പദ്ധതികളും പാരമ്പര്യേതര ഊർജ്ജത്തിന്റെ ഭാഗമാണ്. പാരമ്പര്യേതര ഊർജ്ജം നിശ്ചിത ശതമാനം നിർബന്ധമാണല്ലോ. ഈ നയം പ്രയോജനപ്പെടുത്തി ഉപേക്ഷിക്കപ്പെട്ട ജലവൈദ്യുത പദ്ധതികൾ പുനരാലോചിക്കുന്നത് പുതിയ നയത്തിൽ ഉൾപ്പെടുത്തണം.

**1.5 സംസ്ഥാന സ്ഥിതി**: KSEBL ന് ധനകാര്യ സ്ഥാപനങ്ങളുമായി നേരിട്ട് സാമ്പത്തിക ഇടപാടുകൾ/ലോണുകൾ നേരിടാനുള്ള സ്ഥിതിയ്ക്ക് മറ്റൊരു ധനകാര്യസ്ഥാപനത്തിന് പ്രസക്തിയില്ല. അവ ബാങ്കിൽ നിന്നും വായ്പയെടുത്ത് അവരുടെ ലാഭവും അവിടെ കുറേപ്പേരുടെ ചിലവും ചേർത്ത് പലിശകൂടി വാങ്ങുന്നു. പുതിയ നയത്തിൽ ഒരു അധിക ധനകാര്യ സ്ഥാപനം എന്ന വ്യവസ്ഥ ഒഴിവാക്കണം.

**1.6 സംസ്ഥാന വൈദ്യുതി നില** : കുറഞ്ഞ വിലയ്ക്ക് ലഭിച്ചിരുന്ന കരാർ പ്രകാരമുള്ള വൈദ്യുതി നിയമവശമായോ/ഗവൺമെന്റ് തലത്തിലോ ഇടപെട്ട് വാങ്ങിയെടുക്കണം. കരാർ റദ്ദാക്കുന്നതു പോലെയുള്ള ആഭ്യന്തര കാര്യങ്ങളിൽ കമ്മീഷൻ ഇടപെടുന്നത് നിയമപരമായി പുതിയ നയത്തിൽ നിരോധിക്കണം (കമ്മീഷൻ ചെയ്തത് തെറ്റെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണല്ലോ ആദ്യം തീരുമാനം അവർതന്നെ തിരുത്തിയത്)

## അദ്ധ്യായം 2

**2.1.1** സംസ്ഥാനത്തെ ഉപഭോഗത്തിന്റെ 30 % ജലവൈദ്യുത പദ്ധതികളിൽ നിന്നാണല്ലോ. അതിന്റെ ചിലവ് യൂണിറ്റിന് 30 പൈസയിൽ താഴെയാണ്. അതുപോലെ കേന്ദ്ര നിലയങ്ങളിൽ നിന്നും 1607 mw ലഭിക്കുന്നതും കുറഞ്ഞവിലയ്ക്ക്. ഏറ്റവും കൂടിയ വിലയ്ക്ക് വാങ്ങുന്നത് Rs.4.29 എന്നാണല്ലോ, ബോർഡും KSERC യും പറയുന്നത് അത് (465 mw), Actual Realisation 6.70/യൂണിറ്റ്. അപ്പോൾ നമ്മുടെ വരുമാനം എങ്ങോട്ട് പോകുന്നുവെന്നത് പരിശോധിക്കപ്പെടേണ്ട താണ്. വ്യക്തമായ പാസ് ബുക്കോടുകൂടിയ കണക്കുകൾ വർഷാവർഷങ്ങളിൽ ജനങ്ങൾക്ക് മുമ്പാകെ (Annual accounts അല്ല) സാധാരണക്കാരുടെ ഭാഷയിൽ അവതരിപ്പിക്കുമെന്ന് പുതിയ നയത്തിൽ ചേർക്കണം.

**2.1.5** കേരളത്തിന്റെ ഭൂപ്രകൃതിയുടെ 24% വനമാണ്. അതിൽ 2% മാത്രമേ വൈദ്യുതി ജലവൈദ്യുത പദ്ധതികൾക്കുവേണ്ടി ഉപയോഗിച്ചിട്ടുള്ളു. അതും ജലവൈദ്യുതി പദ്ധതികൾ ഉള്ള സ്ഥലങ്ങളിൽ മാത്രമാണ് വനം ഇപ്പോഴും നശിക്കപ്പെടാതിരുന്നിട്ടുള്ളത് ഉപേക്ഷിക്കപ്പെട്ട പദ്ധതികളായ സൈലന്റ്വാലി, പൂയംകുട്ടി, ആതിരപ്പള്ളി തുടങ്ങിയവയ്ക്കുവേണ്ടി വീണ്ടുമുള്ള ഒരു ശ്രമം പുതിയനയത്തിൽ ഉൾപ്പെടുത്തണം.

**2.1.6** ഈ ആവശ്യം നിറവേറ്റണമെന്നുണ്ടെങ്കിൽ ഹിമാചൽ പ്രദേശിലെപോലെ എല്ലാ ജലവൈദ്യുത പദ്ധതികളും പ്രയോജനപ്പെടുത്തണം. അതിനുവേണ്ടി ആയിരിക്കണം പുതിയ നയം. സോളർ കൂടുതൽ ഉൽപ്പാദിപ്പിക്കാൻ പ്രോത്സാഹനം കൊടുക്കുന്നതിനോടൊപ്പം പകൽ സമയങ്ങളിൽ സോളാറിന്റെ വിലയ്ക്കനുസരിച്ചുള്ള വില fix ചെയ്ത് നിരക്ക് കുറയ്ക്കുന്നത് നയത്തിൽ ഉൾപ്പെടുത്തണം.

**2.2 വൈദ്യുതി ഉപഭോഗത്തിലെ പ്രശ്നങ്ങൾ**

ഇൻഡസ്ട്രി ഉപഭോഗം 21 % മാത്രമാണ്. സോളാർ കൂടുതൽ ഉൽപ്പാദിപ്പിക്കുകയും (അത് പകൽ മാത്രമാണല്ലോ) പകൽ വൈദ്യുതി മിച്ചം വരുകയും ചെയ്താൽ KSEBL ന് വാൻ ബാധ്യത വരും. ഈ സാഹചര്യത്തിൽ വ്യക്തമായ പഠനം നടത്തിയതിനുശേഷം പകൽ വൈദ്യുതി ചാർജ് സോളാർ Rate (എല്ലാ ചിലവും ഉൾപ്പടെ) ന് ആനുപാതികമായി കുറച്ച് വ്യവസായങ്ങളെ കൂടുതൽ ക്ഷണിക്കണം. പകൽ സമയങ്ങളിൽ ചാർജ് കുറച്ചാൽ വ്യവസായങ്ങൾ മേൽ സമയത്ത് കൂടുതൽ ഉപയോഗിക്കുന്ന സാഹചര്യം ഉണ്ടാകും. പകൽ സമയത്തെ ഉപയോഗത്തിൽ fixed ചാർജിൽ വരെ കുറവ് വരുത്താവുന്നതാണ്. (സോളാർ ഉപഭോഗം കൂടിയാൽ മാത്രമേ ഇത് ലാഭകരമാകൂ) പുതിയ നയത്തിൽ സോളാറിനെ പ്രോത്സാഹിപ്പിച്ച് പകൽ സമയത്ത് ചാർജ് കുറയ്ക്കുന്ന തീരുമാനം ഉൾപ്പെടുത്തുന്നത് പ്രയോജനകരമാണ്.

2.2.2 to 2.2.3 മുൻപ് രേഖപ്പെടുത്തിയിട്ടുണ്ട്

**2.3 ലക്ഷ്യങ്ങൾ** : പുനഃസംഘടന Man Power കുറച്ചിട്ടാകരുത്. സംസ്ഥാനത്തുനിന്നും പലരും ജോലി തേടി പുറത്തേയ്ക്ക് പോകുന്നു. അവരെയെല്ലാം തിരിച്ചു കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി പറയുന്നു. അങ്ങനെയെങ്കിൽ KSERC പറഞ്ഞ തസ്തികകൾ എങ്കിലും പൂർത്തീകരിക്കണം. കുറെ ഓഫീസർമാർ മാത്രം നിയന്ത്രിക്കുന്ന ഒരു സ്ഥാപനമായി KSEBL മാറരുത്. ചിലർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നാട്ടിലുള്ള തൊഴിൽ രഹിതർക്ക്, അത് എല്ലാ മേഖലയിലും ഉള്ളവർക്ക് ജോലി കിട്ടുന്ന മേഖലയാണ് KSEBL. മേൽ അവകാശം നിഷേധിക്കരുത്. അക്കൗണ്ട്സ് മേഖലയിൽ അല്ലാതെ ഒരിടത്തും ആധുനിക വൽക്കരണം വന്നിട്ടില്ല. ലൈൻമാൻ പോസ്റ്റിൽ കയറുന്നത് എങ്ങനെയെന്ന് പറയേണ്ടതില്ലല്ലോ. ആധുനിക മെഷിനുകൾ Sky Lift എല്ലാ സെക്ഷനിലും നൽകണം, കുഴികുത്താനുള്ള യന്ത്രങ്ങൾ ഉൾപ്പടെ വാങ്ങണം, ട്രെയിനിങ് നൽകണം. ഇതൊക്കെ നയത്തിന്റെ ഭാഗമാകണം. 1991 ൽ 36 ലക്ഷം ഉപഭോക്താക്കൾക്ക് 30000 ജീവനക്കാർ, ഇപ്പോൾ 1.36 കോടി ഉപഭോക്താക്കൾക്ക് 26000 പേർ മാത്രം. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടുന്ന മേഖലയാക്കി വൈദ്യുതി മേഖലയെ മാറ്റുമെന്ന് പുതിയ നയത്തിൽ ഉണ്ടായിരിക്കണം.

3.15 കേരളത്തിന്റെ പ്രശ്ന പരിഹാരം, വൈദ്യുതി ഉൽപ്പാദനം കഴിയുന്നത്ര ഇവിടെ ലഭ്യമാക്കണം. KSEBL ന്റെ ആസ്തിയുടെ ശരിയായ കണക്ക് എടുക്കാൻ പറ്റില്ലായെന്നത് ഖേദകരമാണ്. അത് പ്രസിദ്ധപ്പെടുത്തുമെന്ന് പുതിയ നയത്തിൽ ഉണ്ടാകണം.

3.2 കഴിഞ്ഞ ബജറ്റിൽ സോളാർ ഉപഭോക്താക്കൾക്ക് സെസ് ഏർപ്പെടുത്തിയത് പിൻവലിക്കണം. അത് നയത്തിന്റെ ഭാഗമാകണം. അതോടൊപ്പം സംസ്ഥാന സർക്കാർ KSEBL ൽ നിന്നും ഈടാക്കുന്ന Generation duty യും വർധിപ്പിച്ചിരുന്നു. അതും പൂർണ്ണമായും പിൻവലിക്കണം. അത് പുതിയ നയത്തിൽ ഉൾപ്പെടുത്തണം.

3.3.4 നിർമ്മാണത്തിലിരിക്കുന്ന വൈദ്യുതി പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള ശ്രമം നടത്തുമെന്ന് വാക്കാൽ പറഞ്ഞാൽ പോരാ അത് നയത്തിന്റെ ഭാഗമാകണം. കാലതാമസം വരുത്തുന്നവർക്കെതിരെയുള്ള നടപടികൾ നയത്തിന്റെ ഭാഗമാകണം.

3.3.9 വയബിലിറ്റി ഗ്യാപ് ഫണ്ട് എന്നൊക്കെ നയത്തിൽ പ്രഖ്യാപിക്കുമ്പോൾ അത് സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന നടപടികൾ സ്വീകരിക്കണം. അത് KSEBL ന്റെ ബാധ്യതയാകരുത്.

3.3.11 KSEBL ന്റെ AOA ൽ വരാത്ത KFON, ചാർജിങ് സ്റ്റേഷൻ, തുടങ്ങിയ ബിസിനസ്സിൽ കടക്കുന്ന KSEBL, KSEBL ന്റെ objective നിർവഹിക്കണം. അതിനുള്ള വ്യവസ്ഥകൾ നയത്തിൽ ഉണ്ടാകണം. മാലിന്യത്തിൽ നിന്നുമുള്ള വൈദ്യുതി ഉൽപ്പാദനം KSEBL നേരിട്ട് ഏറ്റെടുക്കണം. സംസ്ഥാന തലത്തിൽ അതിനുള്ള scheme നയത്തിൽ പ്രഖ്യാപിക്കണം.

4.5 10000 കോടിയുടെ നിക്ഷേപം നടത്തുമ്പോൾ അത് ചാർജ് വർധനവിലൂടെ ജനത്തിന്റെ തലയിലടിച്ച് അവസാനം ഉപഭോക്താവ് KSEBL നെ ഉപേക്ഷിക്കുന്ന സ്ഥിതി നയത്തിലൂടെ ഉണ്ടാകരുത്.

4.7 KFON KSEBL ന്റെ objective അല്ല. അത് ഒരു വൻ ബാധ്യതയാണ്. KSEBL ഒരു Net Provider അല്ല. KSEBL പാവപ്പെട്ടവന് വൈദ്യുതി സൗജന്യമായി കൊടുക്കണം മറിച്ച് ഇന്റർനെറ്റ് അല്ല കൊടുക്കേണ്ടത്. BSNL ഉൾപ്പടെയുള്ള ടെലികോം കമ്പനികൾ നഷ്ടത്തിൽ. ഓടുന്ന ബിസിനസ്സ് KSEBL ന് വേണോ. പുതിയ നയത്തിൽ ചിന്തിക്കണം. കയ്യിലിരിക്കുന്ന വൈദ്യുതി മേഖല ഭംഗിയായി കൊണ്ടുപോകണം.

4.1.2 Electrical Ring system രൂപപ്പെടുത്താം. പക്ഷെ സാമ്പത്തിക സ്ഥിതി നോക്കി വേണം നയം രൂപപ്പെടുത്താൻ.

5.4 പുതിയ കണക്ഷന് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന നിരക്ക് ഒരിക്കലും ന്യായീകരിക്കാനാകില്ല. നയത്തിന്റെ കരടിൽ ലളിതമായ നിരക്ക് ഈടാക്കുമെന്ന് പ്രതിപാദിച്ചിട്ട് നയത്തിന് മുമ്പേ വൻ വർദ്ധനവ്. കണക്ഷനോട് അനുബന്ധിച്ചുള്ള സാധനങ്ങൾ ഭാവിയിൽ KSEBL ന്റെ asset ആയി മാറുന്നു. ആ സ്ഥിതിയ്ക്ക് നാട്ടിലുള്ളതിനേക്കാൾ വലിയ വില ഉപഭോക്താവ് നൽകണമെന്ന് പറഞ്ഞ് അവരെ നമുക്ക് എതിരെ തിരിച്ച് ഇവിടെ ചിലർ രൂപീകരിച്ച Society കൾക്ക് KSEBL ന് കൈമാറാനാണോ, എന്ന് സംശയിച്ചാൽ തെറ്റ് പറയാനാകുമോ.

5.5 നിലവിലുള്ള സെക്ഷൻ ഓഫീസുകൾ ജനങ്ങൾക്കുള്ള സേവന കേന്ദ്രങ്ങൾ ആയി മാറ്റാവുന്നതാണ്. നമുക്ക് എല്ലാ സ്ഥലങ്ങളിലും counter ഉണ്ട്. കൂടുതൽ ജീവനക്കാരെ നിയമിച്ച് ജനസേവനകേന്ദ്രമാക്കാൻ സാധിക്കും.

6.2 KIFB സഹായം ട്രാൻസ്ഗ്രിഡിന് ഇതുവരെയും കിട്ടിയിട്ടില്ല എന്ന് പറയുമ്പോൾ ഒരു കാര്യം വ്യക്തമാണ് ഗ്രാന്റുകൾ ഒന്നും കൃത്യമായി കിട്ടുന്നില്ല. ഗ്രാന്റുകൾ കൃത്യസമയത്ത് കിട്ടുന്നതിനുള്ള കുറിപ്പ് പുതിയ നയത്തിൽ പ്രതിപാദിക്കണം.

6.3 വൈദ്യുതി വാങ്ങലിൽ വരുന്ന വൻ ചിലവിന്റെ കാരണം കെടുകാര്യസ്ഥതയാണ്. ഓരോ 6 മാസം കൂടുതോറും വൈദ്യുതി വാങ്ങൽ കണക്ക് ഓഡിറ്റ് ചെയ്യാനുള്ള തീരുമാനം പുതിയ നയത്തിൽ വരണം.

6.3.2 HT/EHT industry കൾക്ക് ആദ്യം സ്മാർട്ട് മീറ്റർ ഘടിപ്പിക്കണം

**വൈദ്യുതി സുരക്ഷ:** പുതിയ നയത്തിൽ പ്രാധാന്യം നൽകണം. സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കുന്നത് ബോർഡ് മാനേജ്മെന്റിന്റെ പൂർണ്ണ ഉത്തരവാദിത്തമാക്കി നയത്തിൽ വ്യവസ്ഥകൾ ചെയ്യണം.

7.4 പരിശീലന കേന്ദ്രങ്ങൾ സംബന്ധിച്ച വ്യവസ്ഥ നയത്തിൽ ഉൾപ്പെടുത്തണം. കൂടുതൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങണം.

7.7 ABC/Covered conductor തുടങ്ങിയ നൂതന സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ നയത്തിൽ വരണം.

**8.6** പൊതുമേഖലയിൽ നിൽക്കുന്ന KSEBL ൽ സ്വകാര്യ സംരംഭത്തിലൂടെ ഊർജ്ജക്ഷമത വർധിപ്പിക്കുമെന്ന് പറയുന്നത് വ്യക്തമായിട്ടില്ല.

**അദ്ധ്യായം 9**

**9.1 പുനഃസംഘടന** : 1998 ൽ പ്രതിപാദിച്ച പുനഃസംഘടന സ്വകാര്യവത്ക്കരണമാവുന്നു. അത് പിന്നീട് വന്ന സർക്കാർ ചവറ്റുകൊട്ടയിൽ ഇട്ടതുകൊണ്ടു ഇപ്പോഴും അതെ ഘടനയിൽ പോകുന്നു.

**9.3** ഘടനാപരമായ മാറ്റങ്ങൾ എന്തെന്ന് പറയാതെ പുതിയ നയത്തിൽ അത് ഒറ്റവാക്കിൽ പറഞ്ഞ് മറ്റു ദുരുദ്ദേശം ഉണ്ടെങ്കിൽ അത് . എതിർക്കപ്പെടേണ്ടതാണ്. 1998 ആവർത്തിക്കുന്നത് അനുവദിക്കവാനില്ല.

**9.4** ഉപഭോക്താവിന് 24 മണിക്കൂറും സേവനത്തിനു 2016 ൽ ഷിഫ്റ്റ് സമ്പ്രദായം കൊണ്ടുവന്നിട്ടും ഇപ്പോഴും Pilot സ്ഥലങ്ങളിലൊഴിച്ച് ബാക്കി ഒരിടത്തും അത് പൂർത്തിയായിട്ടില്ല. ഷിഫ്റ്റ് സമ്പ്രദായം പൂർണ്ണമായും കേരളം മുഴുവൻ നടപ്പിലാക്കും. അതിന് ആവശ്യത്തിനുള്ള ആളെ നിയമിക്കും എന്ന് പുതിയ നയത്തിൽ ചേർക്കണം.

**9.5** CEA സംബന്ധിച്ച് നിലവിലുള്ള ജീവനക്കാരെ റെഗുലേഷൻ 2023 അനുസരിച്ച് 8.6.2023 വരെയുള്ളവരെ സംരക്ഷിച്ചിരിക്കുകയാണ്. അതുകൊണ്ട് അവരുടെ കാര്യത്തിൽ സ്ഥാനക്കയറ്റം സംബന്ധിച്ച് പുനഃപരിശോധനയുടെയോ തിരുത്തലിന്റെയോ കാര്യമില്ല. കേരള വൈദ്യുതിനയം കേന്ദ്ര റെഗുലേഷന് വിരുദ്ധമാകാൻ പാടില്ലല്ലോ.

**അദ്ധ്യായം 10**

**10.3** പ്രത്യേക SPV എന്ന് പറയുന്നതിന് പിന്നിൽ മറ്റൊരു ദുരുദ്ദേശം ഉണ്ടെന്ന് വ്യക്തമാണ്. നിലവിലുള്ളതൊക്കെ നയത്തിലൂടെ ആദ്യം ഭംഗിയാക്കാം.

**10.5** ഹൈഡൽ ടൂറിസത്തിന് കഴിഞ്ഞ വർഷങ്ങളിൽ വന്ന നഷ്ടം KSEBL തനിയെ വഹിച്ചു. ശരിക്കും മറ്റു വകുപ്പുകൾക്ക് വീതിച്ചു കൊടുക്കേണ്ടതായിരുന്നു. അതിനുള്ള പരിഹാരം നയത്തിൽ വേണ്ടതാണ്. ഹൈഡൽ ടൂറിസത്തിലെ ലാഭനഷ്ടങ്ങൾ വിവരാവകാശത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ഹൈഡൽ ടൂറിസത്തിന്റെ പേരിൽ KSEBL ന്റെ സ്വത്തുക്കൾ സ്വകാര്യ കരങ്ങളിലേക്ക് പോകുന്നത് പുതിയ നയത്തിന്റെ ഭാഗമായി തടയണം. അതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തണം.

വിശ്വസ്തതയോടെ,

കെ.സി.രാജൻ
പ്രസിഡന്റ്

സുനിൽകുമാർ.കെ.പി
ജനറൽ സെക്രട്ടറി

Copy to : The Chief Personnel Officer,
Vaidyuthy Bhavan, Pattom